നം.ക്യൂ.ഐ.പി(1)/247365/2021/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 08/10/2021.

# സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - നവംബർ 1 മുതൽ സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകർ സ്കൂളുകളിൽ ഹാജരാകുന്നത്- സംബന്ധിച്ച്.

സൂചന;- സർക്കാർ ഉത്തരവ് നം. G.O(Rt) No.4485/2021/പൊ.വി.വ.
തീയതി 08.10.2021

*****

2021 നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മുന്നൊരുക്കങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കേണ്ടതാണ്.

1. 2021 ഒക്ടോബർ 11 മുതൽ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ എല്ലാ അധ്യാപകരും അനധ്യാപകരും അതത് സ്കൂളുകളിൽ നിർബന്ധമായി ഹാജരാകേണ്ടതും മുന്നൊരുക്ക പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതുമാണ്.
2. പരീക്ഷ/മൂല്യനിർണ്ണയ ഡ്യൂട്ടി ഇല്ലാത്ത ദിവസങ്ങളിൽ എല്ലാ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി അധ്യാപകരും സ്കൂളുകളിൽ നിർബന്ധമായി ഹാജരാകേണ്ടതും മുന്നൊരുക്ക പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതുമാണ്.
3. കോവിഡ് മാനദണ്ഡങ്ങൾ, കണ്ടയിന്മെന്റ് സോൺ നിബന്ധനകൾ തുടങ്ങിയവ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്.
4. നിലവിലെ ഓൺലൈൻ/ഡിജിറ്റൽ ക്ലാസ്സുകൾ, തുടർ പഠനപിന്തുണാപ്രവർത്തനങ്ങൾ എന്നിവ അധ്യാപകർ തുടരേണ്ടതാണ്.

5. പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.
6. സ്കൂളുകളിലെ എല്ലാ അധ്യാപകരും അനധ്യാപകരും സ്കൂൾ തുറക്കുന്നതിന് മുമ്പ് രണ്ട് ഡോസ് വാക്സിൻ എടുത്തതിന്റെ രേഖകൾ ബന്ധപ്പെട്ട മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്. ആയതിനാൽ രണ്ട് വാക്സിനേഷൻ പൂർത്തിയാക്കാത്ത അദ്ധ്യാപകർ/അനദ്ധ്യാപകർ ഉണ്ടെങ്കിൽ ഉടനടി രണ്ട് ഡോസ് വാക്സിനേഷൻ പൂർത്തിയാക്കേണ്ടതാണ്.
7. കോവിഡ് സുരക്ഷാമാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എല്ലാ ജീവനക്കാരും പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്</u>

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ)
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പൽ/പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

<u>പകർപ്പ്</u>

ഡയറക്ടർ എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
കരുതൽ ഫയൽ